# 078/2018-M

ചോദ്യ പുസ്തക അക്ഷര കോഡ് **A**

ചോദ്യ പുസ്തക ക്രമ നമ്പർ

| ചോദ്യങ്ങളുടെ ആകെ എണ്ണം : 100 | സമയം : 75 മിനിട്ട് |
|---|---|
| പരമാവധി മാർക്ക് : 100 | |

## ഉദ്യോഗാർത്ഥികൾക്കുള്ള നിർദ്ദേശങ്ങൾ

1. ചോദ്യ കടലാസ്സ് നൽകുന്നത് ചോദ്യ പുസ്തക രൂപത്തിലാണ്. **A, B, C, D** എന്നീ നാല് അക്ഷര കോഡുകളിലുള്ള ചോദ്യ പുസ്തകങ്ങളാണ് നൽകുന്നത്.
2. ചോദ്യ പുസ്തകത്തിന്റെ മുകളിൽ ഇടത് വശത്ത് പ്രത്യേക കോളത്തിൽ ചോദ്യ പുസ്തക അക്ഷര കോഡ് അച്ചടിച്ചിട്ടുണ്ട്.
3. ഓരോ ഉദ്യോഗാർത്ഥിക്കും നൽകിയിട്ടുള്ള ചോദ്യ പുസ്തക അക്ഷര കോഡ് അവരുടെ പരീക്ഷാ ഹാളിലെ ഇരിപ്പിടത്തിൽ രേഖപ്പെടുത്തിയിരിക്കും.
4. നിങ്ങൾക്കനുവദിച്ചിരിക്കുന്ന അക്ഷര കോഡിൽ നിന്നും വ്യത്യസ്തമായ കോഡിലുള്ള ചോദ്യ പുസ്തകമാണ് ലഭിക്കുന്നതെങ്കിൽ അത് ഉടനടി ഇൻവിജിലേറ്ററുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്.
5. ചോദ്യ പുസ്തക ക്രമനമ്പർ പുറംചട്ടയുടെ വലതുവശത്ത് മുകളറ്റത്തായി ചേർത്തിട്ടുണ്ട്. ക്രമ നമ്പർ ഇല്ലാത്ത ചോദ്യ പുസ്തകമാണ് നിങ്ങൾക്ക് ലഭിക്കുന്നതെങ്കിൽ അതേ അക്ഷര കോഡിലുള്ള ചോദ്യ പുസ്തകം മാറ്റി വാങ്ങുക.
6. ചോദ്യ പുസ്തകം വലതു മാർജിനിൽ മദ്ധ്യ ഭാഗത്തായി സീൽ ചെയ്തിരിക്കും. ഉത്തരമെഴുതാനുള്ള അനുമതി ലഭിച്ചാലല്ലാതെ ചോദ്യ പുസ്തകം തുറക്കാൻ പാടില്ല.
7. പരീക്ഷ തുടങ്ങിയാലുടൻ ഉദ്യോഗാർത്ഥി തനിക്ക് ലഭിച്ചിരിക്കുന്ന ചോദ്യ പുസ്തകത്തിൽ 100 ചോദ്യങ്ങളും ക്രമമായി ഉണ്ടോ എന്ന് പരിശോധിക്കേണ്ടതാണ്. ചോദ്യ പുസ്തകത്തിൽ അച്ചടിക്കാത്തതോ, കീറിയതോ, വിട്ടുപോയതോ ആയ പേജുകൾ ഉണ്ടാകില്ല; അഥവാ ഉണ്ടെങ്കിൽ അക്കാര്യം ഇൻവിജിലേറ്ററുടെ ശ്രദ്ധയിൽ കൊണ്ടുവരികയും അതേ അക്ഷര കോഡിലുള്ള പൂർണ്ണമായ ചോദ്യ പുസ്തകം മാറ്റി വാങ്ങുകയും ചെയ്യേണ്ടതാണ്. ഇത് ഏറ്റവും പ്രധാനപ്പെട്ടതാണ്.
8. ചോദ്യ പുസ്തകത്തിന്റെ അവസാനം ഒന്നും എഴുതാത്ത ഒരു കടലാസ് ചേർത്തിട്ടുണ്ട്. ഇത് ഉത്തരം കണ്ടുപിടിക്കുന്നതിനുള്ള കുറിപ്പുകൾക്കായി ഉപയോഗിക്കാവുന്നതാണ്.
9. **ഉത്തരങ്ങൾ രേഖപ്പെടുത്താൻ ആരംഭിക്കുന്നതിന് മുമ്പ് ഉത്തരക്കടലാസ്സിന്റെ മറുപുറത്തുള്ള നിർദ്ദേശങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കുക.**
10. ശരിയുത്തരം ഉൾപ്പെടെ ഓരോ ചോദ്യത്തിനും, **(A), (B), (C), (D)** എന്ന നാല് ഉത്തരങ്ങൾ തന്നിരിക്കും. ശരിയുത്തരം തെരഞ്ഞെടുത്ത് ഒ.എം.ആർ.ഉത്തരക്കടലാസ്സിൽ ബന്ധപ്പെട്ട ചോദ്യ നമ്പറിന് നേരെയുള്ള ശരിയുത്തരം സൂചിപ്പിക്കുന്ന കുമിള (ബബിൾ) മാത്രം നീലയോ കറുപ്പോ ബാൾ പോയിന്റ് പേന ഉപയോഗിച്ച് കറുപ്പിക്കുക.
11. **ഓരോ ശരിയുത്തരത്തിനും ഒരു മാർക്ക് ലഭിക്കുകയും ഓരോ തെറ്റുത്തരത്തിനും 1/3 മാർക്ക് നഷ്ടമാവുകയും ചെയ്യും. ഉത്തരം രേഖപ്പെടുത്താത്ത ചോദ്യങ്ങൾക്ക് മാർക്ക് നഷ്ടമാവുകയില്ല.**
12. പരീക്ഷാ സമയം കഴിയുന്നതിന് മുമ്പോ, ഉത്തരക്കടലാസ് ഇൻവിജിലേറ്ററെ ഏൽപ്പിക്കാതെയോ ഒരു ഉദ്യോഗാർത്ഥിയും പരീക്ഷാഹാൾ വിട്ട് പുറത്തുപോകാൻ പാടില്ല.
13. നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്. പരീക്ഷയിൽ ക്രമക്കേട് നടത്തുകയോ അതിനുള്ള ശ്രമം നടത്തുകയോ ചെയ്യുന്ന ഉദ്യോഗാർത്ഥികളെ അയോഗ്യരായി പ്രഖ്യാപിക്കുന്നതാണ്.

Total Marks : 100 Marks

Time : 1 hour and 15 minutes

1. ഇന്ത്യയിൽ ഏറ്റവും കൂടുതൽ വൈദ്യുതി ഉല്പാദിപ്പിക്കുന്നത് ഏതിൽ നിന്നാണ് ?
   - (A) കാറ്റ്
   - (B) സൗരോർജ്ജം
   - (C) കൽക്കരി
   - (D) ജലം

2. ഗോദാവരിയുടെ പോഷക നദികളിൽ പെടാത്തത് ഏത്?
   - (A) മനാസ്
   - (B) ശിവാന
   - (C) ഇന്ദ്രാവതി
   - (D) ശബരി

3. ഇന്ത്യയിൽ ആദ്യമായി പെട്രോളിയം ഖനനം ആരംഭിച്ച സ്ഥലം ?
   - (A) അംഗുരി
   - (B) ഡിഗ്ബോയ്
   - (C) മുംബൈ
   - (D) പാറ്റ്ന

4. സ്വാതന്ത്ര്യ സമരം ലക്ഷ്യം വച്ചതും നെഹ്റു കമ്മിറ്റി റിപ്പോർട്ട് നിർദ്ദേശിച്ചതുമായ അവകാശങ്ങൾ അടിസ്ഥാനമാക്കിയാണ് ഭരണഘടന നിർമ്മാതാക്കൾ മൗലീക അവകാശങ്ങൾ തയ്യാറാക്കിയത്. ഈ റിപ്പോർട്ട് സമർപ്പിച്ച വർഷമേത് ?
   - (A) 1952
   - (B) 1949
   - (C) 1928
   - (D) 1932

5. ദക്ഷിണാഫ്രിക്കയിൽ പ്രവർത്തിക്കുകയായിരുന്ന ഗാന്ധിജിയെ സ്വാതന്ത്ര്യ സമരത്തിൽ പങ്കെടുക്കാൻ പ്രേരിപ്പിച്ച വ്യക്തി
   - (A) ദാദാഭായ് നവറോജി
   - (B) ഗോപാലകൃഷ്ണ ഗോഖലെ
   - (C) ബാലഗംഗാതര തിലക്
   - (D) ഖാൻ അബ്ദുൾ ഗാഫർ ഖാൻ

6. 1961-ൽ ഇന്ത്യയോട് ചേർക്കപ്പെട്ട പോർച്ചുഗൽ അധിനിവേശ പ്രദേശം
   - (A) ദാമൻ
   - (B) യാനം
   - (C) മാഹി
   - (D) കാരക്കൽ

7. ദേശീയ സമരകാലത്തെ പ്രധാന പത്രമായ 'വോയ്സ് ഓഫ് ഇന്ത്യ'ക്ക് നേതൃത്വം നല്കിയ വ്യക്തി
   - (A) മൗലാന അബ്ദുൾ കലാം ആസാദ്
   - (B) ലാലാ ലജ്പത് റായ്
   - (C) ഫർദുർജി മർസ് ഖാൻ
   - (D) ദാദാഭായ് നവറോജി

8. ഇന്ത്യൻ ഇൻഡിപെൻഡൻസ് ആക്റ്റിന് രൂപം നല്കിയതെന്ന് ?

(A) 1947 ആഗസ്റ്റ് 12 (B) 1947 ജൂലൈ 14

(C) 1947 ജൂലൈ 18 (D) 1947 ആഗസ്റ്റ് 13

9. 2014-ൽ ലോകാരോഗ്യ സംഘടന പുറത്തുവിട്ട റിപ്പോർട്ട് പ്രകാരം ലോകത്തിലെ ഏറ്റവും മലിനീകരിക്കപ്പെട്ട നഗരം

(A) ഡൽഹി (B) ബീജിംഗ്

(C) ദോഹ (D) ഭോപ്പാൽ

10. കേരളാ സ്റ്റേറ്റ് റബ്ബർ കോപ്പറേറ്റീവ് ലിമിറ്റഡിന്റെ ആസ്ഥാനം

(A) തിരുവനന്തപുരം (B) കോട്ടയം

(C) ഇടുക്കി (D) കണ്ണൂർ

11. 'ഇന്ത്യയുടെ മുത്ത്' എന്നറിയപ്പെടുന്ന തുറമുഖം

(A) വിശാഖപട്ടണം (B) തൂത്തുക്കുടി

(C) മുംബൈ (D) മാംഗ്ലൂർ

12. 'എന്റെ കൂട്' പദ്ധതിയ്ക്ക് 2015-ൽ തുടക്കം കുറിച്ചത് എവിടെ ?

(A) പാലക്കാട് (B) കണ്ണൂർ

(C) കോഴിക്കോട് (D) കാസർഗോഡ്

13. 2015-ൽ ING വൈശ്യ ബാങ്കിനെ ഏറ്റെടുത്ത ബാങ്കേത് ?

(A) കോടക് മഹീന്ദ്ര ബാങ്ക് (B) സെഞ്ചൂറിയൻ ബാങ്ക് ഓഫ് പഞ്ചാബ്

(C) HDFC ബാങ്ക് (D) ബാങ്ക് ഓഫ് ഇന്ത്യ

14. ISO സർട്ടിഫിക്കറ്റ് ലഭിച്ച കേരളത്തിലെ ആദ്യത്തെ വിമാനത്താവളം ?

(A) നെടുമ്പാശ്ശേരി (B) തിരുവനന്തപുരം

(C) കോഴിക്കോട് (D) കണ്ണൂർ

15. ഇന്ത്യയുടെ പ്രാദേശിക ദിശാനിർണ്ണയ സംവിധാനമായ 'നാവിക്'ൽ എത്ര ഉപഗ്രഹങ്ങളുണ്ട്?

(A) 5 (B) 7

(C) 9 (D) 11

16. സ്പോർട്ട്സ് അതോറിറ്റി ഓഫ് ഇന്ത്യയുമായി ബന്ധപ്പെട്ട പഠനങ്ങൾക്ക് 2015 ജൂലൈ 8-ന് കേന്ദ്ര ഗവൺമെന്റ് നിയോഗിച്ച കമ്മിറ്റിയുടെ ചെയർപേഴ്സൺ

(A) ഇൻജതി ശ്രീനിവാസ് (B) ജ്വാല ഗുട്ട

(C) ഡോല ബാനർജി (D) അശ്വിനി നച്ചപ്പ

17. കേരളത്തിൽ ഖിലാഫത്ത് കമ്മിറ്റിയുടെ ആദ്യത്തെ പ്രസിഡന്റ്
   (A) വക്കം അബ്ദുൾ ഖാദർ മൗലവി (B) കട്ടിലശ്ശേരി മുഹമ്മദ് മൗലവി
   (C) അബ്ദുൾ റഹ്മാൻ സാഹിബ് (D) ഇ മൊയ്തു മൗലവി

18. കേരളത്തിലെ ആദ്യത്തെ അണക്കെട്ട് പൂർത്തീകരിച്ച വർഷം
   (A) 1896 (B) 1876
   (C) 1858 (D) 1860

19. കൃഷ്ണ നദിയുടെ ഉത്ഭവ സ്ഥാനം
   (A) മുംതായ് നിരകൾ (B) മൈക്കല നിരകൾ
   (C) മഹാബലേശ്വർ കുന്നുകൾ (D) ബ്രഹ്മഗിരി കുന്നുകൾ

20. കേരളത്തിലെ പ്രധാന ജനവൈദ്യുത പദ്ധതികളിൽ പെടാത്തത് ഏത്?
   (A) ചെങ്കുളം (B) വാഴാനി
   (C) പേപ്പാറ (D) പന്നിയാർ

21. അർജ്ജുന പുരസ്കാരം നേടിയ ആദ്യ മലയാളി
   (A) സുരേഷ് ബാബു (B) ജിമ്മി ജോർജ്ജ്
   (C) ടി. സി. യോഹന്നാൻ (D) സി. ബാലകൃഷ്ണൻ

22. ജാലിയൻ വാലാബാഗ് കൂട്ടക്കൊലയിൽ പ്രതിഷേധിച്ച് വൈസ്രോയിയുടെ എക്സിക്യൂട്ടീവ് കൗൺസിൽ അംഗത്വം രാജിവച്ച കോൺഗ്രസ്സ് പ്രസിഡന്റ്
   (A) ചേറ്റൂർ ശങ്കരൻ നായർ (B) ടി. പ്രകാശം
   (C) മദൻ മോഹൻ മാളവ്യ (D) ആനി ബസന്റ്

23. സ്വാതന്ത്ര്യ സമരത്തിന്റെ ഭാഗമായി ഇന്നത്തെ കണ്ണൂർ ജില്ലയിൽ 1935-ൽ രൂപംകൊണ്ട സംഘടനയേത് ?
   (A) യോഗ ക്ഷേമ സഭ (B) പ്രത്യക്ഷ രക്ഷാ ദൈവ സഭ
   (C) കർഷക സംഘം (D) സമത്വ സമാജം

24. കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ രൂപീകൃതമായത് എന്ന്?
   (A) 2 ഡിസംബർ 1997 (B) 13 ഡിസംബർ 1999
   (C) 10 ഡിസംബർ 1996 (D) 11 ഡിസംബർ 1998

25. റൂർക്കേല അയേൺ ആന്റ് സ്റ്റീൽ വ്യവസായം ആരംഭിക്കാൻ ഇന്ത്യയെ സഹായിച്ച വിദേശ രാജ്യം ?
   (A) ജർമ്മനി (B) റഷ്യ
   (C) സോവിയറ്റ് യൂണിയൻ (D) ജപ്പാൻ

26. എൻ.എ.ടി.പി.എ.സി. ഏത് വകുപ്പുമായി ബന്ധപ്പെട്ടതാണ് ?
   (A) കൃഷി (B) കയർ വ്യവസായം
   (C) ടൂറിസം (D) ഗതാഗതം

27. ഇന്ത്യൻ വാർത്താവിനിമയ വിപ്ലവത്തിന്റെ പിതാവ് എന്നറിയപ്പെടുന്നത് ആര് ?
   (A) എൻ. ആർ. നാരായണമൂർത്തി (B) സാം പിത്രോദ
   (C) സബീർ ഭാട്ടിയ (D) അസിം പ്രേംജി

28. ഇന്ത്യയിലെ ആദ്യത്തെ ആണവ നിലയം സ്ഥിതി ചെയ്യുന്ന സംസ്ഥാനം ?
   (A) മഹാരാഷ്ട്ര (B) ഗുജറാത്ത്
   (C) തമിഴ്നാട് (D) രാജസ്ഥാൻ

29. കൊച്ചി രാജപ്രജാ മണ്ഡലത്തിന്റെ പ്രവർത്തനങ്ങളുടെ നേതൃസ്ഥാനത്ത് പ്രവർത്തിക്കാത്ത വ്യക്തിയാര് ?
   (A) പി. കൃഷ്ണപിള്ള (B) ഇക്കണ്ട വാര്യർ
   (C) കെ. അയ്യപ്പൻ (D) പനമ്പിള്ളി ഗോവിന്ദ മേനോൻ

30. ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിൽ 'സ്വദേശി' മുദ്രാവാക്യം ഉയർന്നത് ഏത് സമ്മേളനത്തിലായിരുന്നു ?
   (A) കൽക്കട്ട (B) മദ്രാസ്
   (C) ബനാറസ് (D) അഹമ്മദാബാദ്

31. ഇന്ത്യയിൽ നിന്നും ഏറ്റവും അധികം കയറ്റുമതി ചെയ്യപ്പെടുന്ന കേരളത്തിലെ അലങ്കാര മത്സ്യം ഏത് ?
   (A) സ്വർണ്ണ മത്സ്യം (B) മോളി
   (C) ഗപ്പി (D) മിസ് കേരള

32. കേരളത്തിലെ ഏക മുസ്ലിം രാജവംശമായ അറയ്ക്കൽ രാജവംശത്തിന്റെ ആരംഭം ഏത് ശതകങ്ങളിലാണ് ?
   (A) AD 8 – 9 (B) AD 5 – 6
   (C) AD 7 – 8 (D) AD 4 – 5

33. ഇന്ത്യയേയും ബംഗ്ലാദേശിനേയും തമ്മിൽ വേർതിരിക്കുന്ന നദി ?
   (A) ഗുംപ്തി (B) ബരാക്ക്
   (C) ലോഹിത് (D) മെഹവ്റി

34. വ്യവസായ മേഖലയിൽ ‘മഹാരത്ന’ പദവി ലഭിച്ചിട്ടില്ലാത്ത കമ്പനി ഏത്?
(A) ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ (B) ഓയിൽ ഇന്ത്യ ലിമിറ്റഡ്
(C) സ്റ്റീൽ അതോറിറ്റി ഓഫ് ഇന്ത്യ (D) കോൾ ഇന്ത്യ ലിമിറ്റഡ്

35. ഇന്ത്യയിലെ ആദ്യത്തെ സെമി-ഹൈ സ്പീഡ് ട്രെയിൻ ഏത്?
(A) രാജധാനി (B) ശതാബ്ദി
(C) ഗതിമാൻ (D) മഹാരാജ

36. ഇന്ത്യൻ വിപ്ലവ പ്രസ്ഥാനമായ അനുശീലൻ സമിതി എന്ന സംഘടന സ്ഥാപിക്കപ്പെട്ട സ്ഥലം ?
(A) പഞ്ചാബ് (B) ധാക്ക
(C) മഹാരാഷ്ട്ര (D) ബംഗാൾ

37. സ്പീഡ് പോസ്റ്റ് സ്ഥാപിതമായ വർഷം ?
(A) 1986 (B) 1985
(C) 1987 (D) 1984

38. തമിഴ്നാട്ടിൽ നിയമ ലംഘന പ്രസ്ഥാനത്തിന്റെ ഭാഗമായി നടന്ന ഉപ്പുകുറുക്കൽ നടത്തിയ സ്ഥലം ?
(A) മഹാബലിപുരം (B) വേദാരണ്യം
(C) ശംഖുതുരൈ (D) ബേസിൻ നഗർ

39. 1928-ൽ രൂപം കൊണ്ട ‘ഹിന്ദുസ്ഥാൻ സോഷ്യലിസ്റ്റ് റിപ്പബ്ലിക്കൻ അസോസിയേഷൻ’ എന്ന സംഘടനയുടെ രൂപീകരണത്തിന്റെ നേതൃത്വത്തിൽപ്പെടാത്തത് ആര്?
(A) സി. ആർ. ദാസ് (B) രാജ്ഗുരു
(C) ഭഗത് സിംഗ് (D) സുഖ്ദേവ്

40. ഇന്ത്യൻ ഭരണഘടനയുടെ ഹൃദയവും ആത്മാവുമെന്ന് ഡോ. ബി. ആർ. അംബേദ്കർ വിശേഷിപ്പിച്ചത് ഏത് മൗലിക അവകാശത്തെയാണ്?
(A) സമത്വത്തിനുള്ള അവകാശം.
(B) ചൂഷണത്തിനെതിരായുള്ള അവകാശം.
(C) ഭരണഘടനാപരമായ പരിഹാരം കാണാനുള്ള അവകാശം.
(D) സാംസ്കാരികവും വിദ്യാഭ്യാസപരവുമായ അവകാശം.

41. ഇന്ത്യൻ ദേശീയ പതാക ഉയർത്തിയ ആദ്യ വനിത ?
(A) ആനി ബസന്റ് (B) ബിക്കാജി കാമ
(C) ബീഗം ഹസറത്ത് മഹൽ (D) വിജയലക്ഷ്മി പണ്ഡിറ്റ്

42. ഇന്ദിരാഗാന്ധി വന്യജീവി സങ്കേതം എന്നറിയപ്പെടുന്ന വന്യജീവി സങ്കേതമേത്?
(A) മുടന്തുരൈ വന്യജീവി സങ്കേതം (B) മനാസ് വന്യജീവി സങ്കേതം
(C) ദഹിഗ്രാം വന്യജീവി സങ്കേതം (D) ആനമല വന്യജീവി സങ്കേതം

43. ഇന്ത്യയിൽ വ്യവസായ നയം അംഗീകരിച്ച വർഷം ?

(A) 1948 (B) 1950
(C) 1956 (D) 1952

44. എസ്സാർ ഓയിൽസിന്റെ ആസ്ഥാനം

(A) മുംബൈ (B) നോയിഡ
(C) ഡെറാഡൂൺ (D) ന്യൂ ഡൽഹി

45. ഏത് രാജാവിന്റെ കാലഘട്ടത്തിലാണ് കൊല്ലവർഷം നിലവിൽ വന്നത് ?

(A) കുലശേഖര വർമ്മ (B) രാജശേഖര വർമ്മ
(C) സ്ഥാണു രവിവർമ്മ (D) രാജസിംഹം

46. ഇന്ത്യയിൽ ചണം ഏറ്റവും കൂടുതൽ ഉല്പാദിപ്പിക്കുന്ന സംസ്ഥാനം ?

(A) മഹാരാഷ്ട്ര (B) ഗുജറാത്ത്
(C) ആന്ധ്രാപ്രദേശ് (D) പശ്ചിമ ബംഗാൾ

47. കേരളം ആതിഥ്യം വഹിച്ച 2015-ലെ ദേശീയ ഗെയിംസിൽ 33 മത്സരങ്ങളിൽ പെടാത്ത ഇനം

(A) നെറ്റ് ബോൾ (B) ബാസ്കറ്റ് ബോൾ
(C) ബീച്ച് ഹാന്റ് ബോൾ (D) ത്രോ ബോൾ

48. വന്ദേമാതരത്തിന് സംഗീതം നല്കിയ വ്യക്തി

(A) ജദുനാഥ് ഭട്ടാചാര്യ (B) രവീന്ദ്രനാഥ് ടാഗോർ
(C) എം. എസ്. സുബ്ബലക്ഷ്മി (D) എസ്. ബാലചന്ദ്രൻ

49. ഇന്ത്യൻ ഒളിംബിക് അസോസിയേഷന്റെ ആസ്ഥാനം

(A) ഹൈദരാബാദ് (B) പൂനെ
(C) ന്യൂ ഡൽഹി (D) കൽക്കട്ട

50. ജി. എസ്. ടി. (ചരക്ക് സേവന നികുതി)യുടെ സാധാരണ നിരക്ക് ഏത് ?

(A) 5 ശതമാനം (B) 18 ശതമാനം
(C) 12 ശതമാനം (D) 28 ശതമാനം

51. 'ആധുനിക കേരളത്തിന്റെ പ്രധാന നേതാവെന്ന്' അയ്യങ്കാളിയെ വിശേഷിപ്പിച്ചതാര് ?

(A) മഹാത്മാഗാന്ധി (B) ശ്രീനാരായണ ഗുരു
(C) മന്നത്ത് പത്മനാഭൻ (D) പി. സനൽ മോഹൻ

52. താഴെ പറയുന്നവയിൽ ശ്രീനാരായണ ഗുരു രചിക്കാത്ത കൃതി ഏത്?

(A) ആത്മോപദേശ ശതകം (B) ദൈവദശകം

(C) നിജാനന്ദ വിലാസം (D) ആത്മ വിലാസം

53. 'ലിങ്കൺ ഓഫ് കേരള' എന്നറിയപ്പെടുന്നത് ആരെയാണ്?

(A) പണ്ഡിറ്റ് കറുപ്പൻ (B) ടി. കെ. മാധവൻ

(C) ഡോ. പൽപ്പു (D) ബാരിസ്റ്റർ പിള്ളെ

54. ഏതൊക്കെ നദികളെയാണ് പാട്ടിസീമ പദ്ധതി ബന്ധിപ്പിക്കുന്നത്?

(A) നർമ്മദ-താപ്തി (B) കൃഷ്ണ-കാവേരി

(C) നർമ്മദ-ഗോദാവരി (D) ഗോദാവരി-കൃഷ്ണ

55. അന്താരാഷ്ട്ര ബഹിരാകാശ സ്റ്റേഷന്റെ നീളം

(A) 238 അടി (B) 239 അടി

(C) 235 അടി (D) 225 അടി

56. ഇന്ത്യ-പാക്കിസ്ഥാൻ അതിർത്തിയിലെ സുരക്ഷാ സംവിധാനം കൂടുതൽ കടുത്തതാക്കാനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കാൻ കേന്ദ്ര ആഭ്യന്തര മന്ത്രാലയം നിയോഗിച്ച ഉന്നത തല കമ്മിറ്റിയേത് ?

(A) മധുകർ ഗുപ്ത കമ്മിറ്റി (B) അശോക് മെഹ്ത കമ്മിറ്റി

(C) നരസിംഹം കമ്മിറ്റി (D) ബൽവന്ത് റായ് മെഹ്ത കമ്മിറ്റി

57. മന്നത്ത് പത്മനാഭന്റെ നേതൃത്വത്തിലുള്ള വിമോചന സമരം എന്തിനു വേണ്ടിയായിരുന്നു ?

(A) തൊട്ടുകൂടായ്മ (B) അമ്പല പ്രവേശനം

(C) വിദ്യാഭ്യാസം (D) നായർ ക്ഷേമം

58. കേരളത്തിലെ ജനസാന്ദ്രത കുറഞ്ഞ ജില്ല

(A) വയനാട് (B) ഇടുക്കി

(C) കാസർഗോഡ് (D) ആലപ്പുഴ

59. വലിയ തോതിൽ 'മോണോസൈറ്റ്' കാണുന്നത് താഴെ പറയുന്ന ഏത് സംസ്ഥാനത്തിലാണ്?

(A) തമിഴ്നാട് (B) ആന്ധ്രാപ്രദേശ്

(C) കർണ്ണാടക (D) കേരളം

60. 2015-ലെ ഊർജ്ജ കോൺഗ്രസ്സിന്റെ വേദി

(A) തിരുവനന്തപുരം (B) എറണാകുളം

(C) തൃശ്ശൂർ (D) പത്തനംതിട്ട

61. ഒരു ജലയാനം വെള്ളത്തിൽ എത്രഭാഗം മുങ്ങിക്കിടക്കുന്നുവോ ആ ജലത്തിന്റെ ആഴത്തെ ______ എന്നു വിളിക്കുന്നു.

(A) ഫ്രീ ബോർഡ്  (B) സ്റ്റാർ ബോർഡ്
(C) ഡ്രാഫ്റ്റ്  (D) കീൽ

62. ക്ലാസ്സ് ബി വിഭാഗത്തിൽപ്പെടുന്ന തീപിടുത്തം അണയ്ക്കുന്നതിന് ഉപയോഗിക്കുന്ന അനുയോജ്യമായ അഗ്നിശമനി

(A) സോഡാ ആസിഡ്/ടൈപ്പ് അഗ്നിശമനി
(B) ഫോം ടൈപ്പ് അഗ്നിശമനി
(C) വെള്ളം
(D) മണൽ

63. വെള്ളത്തിന്റെ ആഴം അളക്കുന്ന ഉപകരണം

(A) ജി.പി.എസ്സ്.  (B) എക്കോ സൗണ്ടർ
(C) റഡാർ  (D) വി.എച്ച്.എഫ്.

64. ലൈഫ് റാഫ്റ്റിൽ ________ ഒരുക്കിയിട്ടുണ്ട്.

(A) പ്രാഥമിക ശുശ്രൂഷയ്ക്കുള്ള മരുന്ന്  (B) ഭക്ഷണം
(C) വെള്ളം  (D) മുകളിൽ പറഞ്ഞവയെല്ലാം

65. ആളുകൾ ജലയാനത്തിൽ നിന്നും വെള്ളത്തിൽ വീണാൽ ചെയ്യേണ്ടത്

(A) അപകട വിവരം മാസ്റ്ററെ അറിയിക്കുക.
(B) ലൈഫ് ബോയ് ഇട്ടുകൊടുക്കുക.
(C) പ്രൊപ്പല്ലർ നിർത്തുകയും, ബോട്ട് തിരിക്കുകയും ചെയ്യുക.
(D) മേൽപ്പറഞ്ഞവ എല്ലാം.

66. ജലയാനത്തിന്റെ ഏറ്റവും താഴെയുള്ള ഭാഗം

(A) ലോഡ് ലൈൻ  (B) നങ്കൂരം
(C) റഡാർ  (D) കീൽ

67. എല്ലാ ജലയാനങ്ങളും ഒരു ജലപാതയിൽകൂടി സഞ്ചരിക്കുമ്പോൾ അനുസരിക്കേണ്ട നിർദ്ദേശം

(A) ജലപാതയിൽ പ്രദർശിപ്പിച്ചിരിക്കുന്ന ബോയകൾക്ക് അകത്തുകൂടി കഴിവതും സഞ്ചരിക്കേണ്ടതാണ്.
(B) ജലപാതയിലെ ബോയകൾക്ക് കേടുപാടുകൾ വരുത്താതെ ഇവയുടെ വളരെ അടുത്തുകൂടിയുള്ള സഞ്ചാരം ഒഴിവാക്കേണ്ടതാണ്.
(C) ജലപാതയിലെ ബോയകളിൽ യാനം കെട്ടി ഇടുകയോ, ബോയകൾക്ക് സ്ഥാനമാറ്റം വരുത്തുകയോ ചെയ്യരുത്.
(D) മുകളിൽ പറഞ്ഞവയെല്ലാം.

**68.** ഒരു ജലയാനം ഇടതുവശത്തേക്ക് ഗതി മാറ്റുകയാണ് എന്ന് സൂചിപ്പിക്കുന്നതിന് ഉപയോഗിക്കുന്ന ശബ്ദ സിഗ്നൽ ?

(A) ഒരു സെക്കന്റ് സമയദൈർഘ്യമുള്ള ഒരു ഷോർട്ട് ബ്ലാസ്റ്റ്.

(B) ഒരു സെക്കന്റ് സമയദൈർഘ്യമുള്ള രണ്ട് ഷോർട്ട് ബ്ലാസ്റ്റ്.

(C) ഒരു സെക്കന്റ് സമയദൈർഘ്യമുള്ള മൂന്ന് ഷോർട്ട് ബ്ലാസ്റ്റ്.

(D) ഇവയൊന്നുമല്ല.

**69.** നങ്കൂരത്തിന്റെ ഭാഗങ്ങളിൽപ്പെടുന്നത്

(A) ക്രൗൺ (B) ഷാങ്ക്

(C) ഫ്ളൂക്ക് (D) മേൽപ്പറഞ്ഞവ എല്ലാം

**70.** ഒരു ജലയാനത്തിൽ താഴെപ്പറയുന്ന ഏതൊക്കെ സർട്ടിഫിക്കറ്റുകളാണ് സൂക്ഷിക്കേണ്ടത് ?

(A) സർവ്വേ സർട്ടിഫിക്കറ്റ് (B) രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്

(C) ഇൻഷുറൻസ് (D) ഇവയെല്ലാം

**71.** ജലവാഹനത്തിന്റെ പുറം ചട്ടത്തിനെ വിളിക്കുന്നത്

(A) കീൽ (B) ഡെക്ക്

(C) ഹൾ (D) ഹാച്ച്

**72.** തീ പിടിക്കുന്നതിന് പ്രധാനമായും ആവശ്യമായ ഘടകങ്ങൾ ?

(A) താപം (B) ഓക്സിജൻ

(C) ഇന്ധനം (D) മേൽപ്പറഞ്ഞവയെല്ലാം

**73.** ഇലക്ട്രിക്കൽ ഉപകരണങ്ങൾക്ക് തീ പിടിച്ചാൽ ഉപയോഗിക്കേണ്ടത് ഏത് ?

(A) വെള്ളം (B) ഫോം

(C) മണൽ (D) ഡ്രൈ കെമിക്കൽ പൗഡർ

**74.** ജലയാനങ്ങൾ പരസ്പരം എതിരെ വരുമ്പോൾ ഇവയുടെ ഗതിയെ സംബന്ധിച്ച് സംശയം ഉണ്ടായാൽ കൂട്ടിമുട്ടൽ ഒഴിവാക്കുന്നതിനായി നല്കേണ്ട സിഗ്നൽ ?

(A) ഒരു ലോംഗ് ബ്ലാസ്റ്റ് (B) അടുത്തടുത്തായി അഞ്ച് ഷോർട്ട് ബ്ലാസ്റ്റ്

(C) ഒരു ഷോർട്ട് ബ്ലാസ്റ്റ് (D) ഇവയൊന്നുമല്ല

**75.** ജലവാഹനങ്ങൾ പാലിക്കേണ്ട നിയമത്തിൽ പറഞ്ഞിരിക്കുന്നതനുസരിച്ച് കത്തിക്കേണ്ട ലൈറ്റുകൾ

(A) ട്യൂബ് ലൈറ്റ് (B) ഫ്ളെഡ് ലൈറ്റ്

(C) നാവിഗേഷണൽ ലൈറ്റുകൾ (D) മുകളിൽ പറഞ്ഞത് ഒന്നുമല്ല

**76.** രണ്ടു ജലയാനങ്ങൾ നേർക്കുനേർ വരുമ്പോൾ കൂട്ടിമുട്ടൽ ഒഴിവാക്കാൻ പാലിക്കേണ്ട നിയമം ?

(A) രണ്ടു ജലയാനങ്ങളും അവരവരുടെ സ്റ്റാർബോർഡ് ഭാഗത്തേക്ക് തിരിക്കുക.

(B) രണ്ടു ജലയാനങ്ങളും അവരവരുടെ പോർട്ട് ഭാഗത്തേക്ക് തിരിക്കുക.

(C) ജലയാനം നിർത്തിയിടുക.

(D) ഇവയൊന്നുമല്ല.

**77.** ഒരു ജലപാതയിൽകൂടി സുഗമമായി ജലയാനത്തിന് സഞ്ചാരം തുടരാം എന്നു സൂചിപ്പിക്കുന്ന അടയാളം

(A) രണ്ടു മഞ്ഞ വിളക്ക്
(B) ഒരു പച്ച വിളക്ക്
(C) ഒരു പച്ച വിളക്കും ഒരു വെള്ള വിളക്കും
(D) ഇവയൊന്നുമല്ല

**78.** ജലവാഹനങ്ങൾ തമ്മിലും, കരയുമായും ആശയവിനിമയം നടത്തുന്നതിന് സാധാരണ ഉപയോഗിക്കുന്ന വാർത്താവിനിമയ ഉപകരണം

(A) എക്കോ സൗണ്ടർ (B) ജി. പി. എസ്.
(C) റഡാർ (D) വി. എച്ച്. എഫ്.

**79.** ഒരു ലൈഫ് റാഫ്റ്റിൽ കാണപ്പെടാത്ത സാധനം ഏതാണ്?

(A) ആഹാരം (B) വെള്ളം
(C) വി. എച്ച്. എഫ്. (D) മരുന്ന്

**80.** ഒരു ജലയാനം മറ്റൊരു ജലയാനത്തെ കാണുമ്പോൾ പിന്നോട്ട് പോകുന്നുയെന്നറിയിക്കുന്നതിന് നല്കുന്ന സിഗ്നൽ ഏതാണ്?

(A) 3 ഷോർട്ട് ബ്ലാസ്റ്റ് (B) 1 ഷോർട്ട് ബ്ലാസ്റ്റ്
(C) 2 ഷോർട്ട് ബ്ലാസ്റ്റ് (D) ഇവയൊന്നുമല്ല

**81.** ജലയാനത്തിന്റെ ഗതി നിയന്ത്രിക്കുന്നതിന് ഉപയോഗിക്കുന്നത്?

(A) നങ്കൂരം (B) റഡ്ഡർ/ചുക്കാൻ
(C) എഞ്ചിൻ (D) റഡാർ

**82.** കെ. ഐ.വി. നിയമ പ്രകാരം നല്കുന്ന സർവ്വേ സർട്ടിഫിക്കറ്റിന്റെ കാലാവധി എത്ര വർഷമാണ്?

(A) 3 വർഷം (B) 1 വർഷം
(C) 6 മാസം (D) 2 വർഷം

**83.** പൈപ്പ് ലൈനുകളും അനുബന്ധ സെക്ഷൻ വാൽവുകളും, ഡ്രെയിനുകളും മറ്റും പിടിപ്പിച്ചിരിക്കുന്ന ഏറ്റവും താഴെയുള്ള ജലയാനത്തിന്റെ ഭാഗം ?

(A) ബോട്ടം (B) ഹാച്ചസ്
(C) ബിൽജ് (D) കീൽ

**84.** നിലത്തുറച്ചുപോയ ജലയാനം പകൽ സമയത്ത് പ്രദർശിപ്പിക്കേണ്ട സിഗ്നൽ ഏതാണ്?

(A) 3 കറുത്ത ബോളുകൾ കുത്തനെ പ്രദർശിപ്പിക്കുക.
(B) 1 കറുത്ത ബോൾ കുത്തനെ പ്രദർശിപ്പിക്കുക.
(C) സിലിണ്ടർ പ്രദർശിപ്പിക്കുക.
(D) ജലയാനത്തിൽ നാവിഗേഷൻ ലൈറ്റുകൾ പ്രദർശിപ്പിക്കുക.

85. ഫ്യൂവൽ ടാങ്കിന് തീ പിടിച്ചാൽ ഏത് അഗ്നിശമനി ഉപയോഗിക്കും ?
 (A) ഡ്രൈ കെമിക്കൽ പൗഡർ (B) ഫോം ടൈപ്പ്
 (C) വാട്ടർ ടൈപ്പ് (D) കാർബൺ ഡൈ ഓക്സൈഡ്

86. പൂർണ്ണമായി നിയന്ത്രണത്തിൽ ഇല്ലാത്ത ജലയാനങ്ങൾ രാത്രി പ്രദർശിപ്പിക്കേണ്ട ലൈറ്റ് ഏതാണ്?
 (A) കുത്തനെ നില്ക്കുന്ന 2 ചുമപ്പ് ലൈറ്റ്
 (B) കുത്തനെ നില്ക്കുന്ന 1 ചുമപ്പ് ലൈറ്റും 1 പച്ച ലൈറ്റും
 (C) കുത്തനെ നില്ക്കുന്ന 2 പച്ച ലൈറ്റ്
 (D) കുത്തനെ നില്ക്കുന്ന 1 ചുമപ്പ് ലൈറ്റും 1 മഞ്ഞ ലൈറ്റും

87. ജലയാനത്തിന്റെ സുരക്ഷിത വേഗത തീരുമാനിക്കുന്നതിന് കണക്കിലെടുക്കേണ്ട കാര്യം
 (A) കാണുന്നതിനുള്ള വ്യക്തത
 (B) കാറ്റിന്റേയും ഒഴുക്കിന്റേയും സ്ഥിതിയും, അപകട സാധ്യതയും
 (C) മറ്റു യാനങ്ങളുടെ തിരക്ക്/ട്രാഫിക്ക്
 (D) മുകളിൽ പറഞ്ഞവയെല്ലാം

88. 20% കൂടുതൽ പൊള്ളലേറ്റ വ്യക്തി താഴെപ്പറയുന്നവയിൽ ഏതു വിഭാഗത്തിൽപ്പെടുന്നു ?
 (A) ഗുരുതരാവസ്ഥ (B) നോർമൽ അവസ്ഥ
 (C) മീഡിയം വിഭാഗം (D) ഇവയൊന്നുമല്ല

89. ക്ലാസ്സ്-എ വിഭാഗത്തിൽപ്പെടുന്ന തീ താഴെപ്പറയുന്നവയിൽ ________ കൊണ്ട് ഉണ്ടാകുന്നു.
 (A) കാർബൺ ജന്യ ഖര പദാർത്ഥങ്ങൾ
 (B) ദ്രവ രൂപത്തിലുള്ള പദാർത്ഥങ്ങൾ
 (C) ലോഹങ്ങളിൽ ഉണ്ടാകുന്ന ആഗ്നിബാധ
 (D) വാതക രൂപത്തിലുള്ള ഇന്ധനം

90. കയറിന്റെ അറ്റം അഴിഞ്ഞുപോകാതെ നിലനിർത്തുന്നതിന് ________ ഉപയോഗിക്കുന്നു.
 (A) ഷോർട്ട് സ്പ്ലൈസ് (B) ബെൻഡ്
 (C) വിപ്പിംഗ് (D) ലോങ്ങ് സ്പ്ലൈസ്

91. നിയമപ്രകാരം 20 മീറ്റർ കൂടുതലും 50 മീറ്ററിൽ കുറവും നീളമുള്ള ഒരു ജലയാനത്തിന്റെ മാസ്റ്റ് ലൈറ്റ് കുറഞ്ഞത് എത്ര മൈൽ ദൂരം വരെ ദൃശ്യമാകുന്നതാകണം ?
 (A) 4 മൈൽ (B) 1 മൈൽ
 (C) 2 മൈൽ (D) 3 മൈൽ

92. നീളം കൂടിയ റോപ്പിന്റെ നീളം കുറയ്ക്കുന്നതിന് ________ ഉപയോഗിക്കുന്നു.
 (A) മാർലൈൻ സ്പ്ലൈസ് ഹിച്ച് (B) ഷീപ്പ് ഷാങ്ക് ഹിച്ച്
 (C) റ്റിമ്പർ ഹിച്ച് (D) ക്ലോവ് ഹിച്ച്

93. സ്റ്റേൺ ലൈറ്റ് എത്ര ഡിഗ്രി വരെ ദൃശ്യമാകണം
(A) 100 ഡിഗ്രി
(B) 135 ഡിഗ്രി
(C) 50 ഡിഗ്രി
(D) 112.5 ഡിഗ്രി

94. ജലവാഹനം കടലിൽ/വെള്ളത്തിൽ ഉറപ്പിച്ചു നിർത്തുവാൻ ________ ഉപയോഗിക്കുന്നു.
(A) വിഞ്ച്
(B) ഡറിക്ക്
(C) നങ്കൂരം
(D) റഫയർ ലീഡ്

95. ഒരു ചെറിയ റോപ്പ് വലിയ റോപ്പിൽ കെട്ടുന്നതിന് ഉപയോഗിക്കുന്നത്
(A) റ്റിംബർ ഹിറ്റ്ച്ച്
(B) മിഡ്ഷിപ്പ്മാൻ ഹിറ്റ്ച്ച്
(C) ക്ലോവ് ഹിറ്റ്ച്ച്
(D) ബ്ലാക്ക് വാൾ ഹിറ്റ്ച്ച്

96. ഒരു റോപ്പിനെ ബലപ്പെടുത്താൻവേണ്ടി റോപ്പിന്റെ പിരിയിൽകൂടി മറ്റൊരു പിരി കടത്തി വിടുന്ന സ്പ്ലൈസ്
(A) ലോംഗ് സ്പ്ലൈസ്
(B) ഷോർട്ട് സ്പ്ലൈസ്
(C) ഐ സ്പ്ലൈസ്
(D) കാറ്റ്സ്പാ

97. ഒരു ജലവാഹനം സുരക്ഷിതമായി യാത്ര ചെയ്യാൻ ആ ജലവാഹനത്തിന്റെ ഏതു ഭാഗം വരെ ജലത്തിൽ മുങ്ങാം എന്നു കാണിക്കുന്ന അടയാളമാണ് ________
(A) ഹൾ
(B) കീൽ
(C) ലോഡ് ലൈൻ
(D) ഷിപ്പ് സൈഡ്

98. ഒരു കോമ്പസിൽ (വടക്കുനോക്കിയന്ത്രം) തെക്ക് ദിശ എത്ര ഡിഗ്രിയാണ് ?
(A) 0 ഡിഗ്രി
(B) 45 ഡിഗ്രി
(C) 90 ഡിഗ്രി
(D) 180 ഡിഗ്രി

99. ഒരു ജലവാഹനത്തിന്റെ ജലനിരപ്പ് മുകളിൽ കാണുന്ന ഭാഗത്തെ വിളിക്കുന്നത്
(A) ലോഡ് ലൈൻ
(B) ഡ്രാഫ്റ്റ്
(C) ഫ്രീ ബോർഡ്
(D) ഹൾ

100. ബാറ്ററി ചാർജ്ജ് ഉണ്ടോ എന്ന് എങ്ങനെ ചെക്ക് ചെയ്യാം ?
(A) രണ്ട് ടെർമിനലും ഉരസി നോക്കി ചെയ്യാം.
(B) ടെസ്റ്റർ ഉപയോഗിച്ച് ചെക്ക് ചെയ്യാം.
(C) ഹൈഡ്രോമീറ്റർ ഉപയോഗിച്ച് ആപേക്ഷിക സാന്ദ്രത നോക്കി ചെക്ക് ചെയ്യാം.
(D) അതിലെ വെള്ളത്തിന്റെ അളവ് നോക്കി ചെക്ക് ചെയ്യാം.

**SPACE FOR ROUGH WORK**

**SPACE FOR ROUGH WORK**